REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-11-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഉച്ച കഴിഞ്ഞ് നൈജീരിയൻ പ്രസിഡണ്ട് ബോലാ അഹമ്മദ് ടിനുബു-വുമായി ഉഭയകക്ഷി ചർച്ച നടത്തും.**
- **ഇന്ത്യയുടെ ദീർഘദൂര ഹൈപ്പർസോണിക് മിസൈൽ ഒഡീഷ തീരത്ത് വിജയകരമായി പരീക്ഷണ വിക്ഷേപണം നടത്തി.**
- **പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ നാളെ വൈകിട്ട് പരസ്യ പ്രചാരണം അവസാനിക്കും.**
- **കോഴിക്കോട്ടെ കോൺഗ്രസ് ഹർത്താലിൽ നേരിയ സംഘർഷം. ഹർത്താൽ അനുകൂലികൾ ബസുകൾ തടഞ്ഞു.**
- **പ്രമുഖ പ്രക്ഷേപകനും തിരുവനന്തപുരം ആകാശവാണി മുൻ സ്റ്റേഷൻ ഡയറക്ടറുമായിരുന്ന NS കൃഷ്ണമൂർത്തി അന്തരിച്ചു.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഉച്ച കഴിഞ്ഞ് നൈജീരിയൻ പ്രസിഡണ്ട് ബോലാ അഹമ്മദ് ടിനുബു-വുമായി ഉഭയകക്ഷി ചർച്ച നടത്തും. ഇരു രാജ്യങ്ങൾക്കുമിടയിലെ തന്ത്രപര പങ്കാളിത്തം അവർ അവലോകനം ചെയ്യും. ചർച്ചകളെ തുടർന്ന് ഏതാനും സുപ്രധാന കരാറുകളിൽ ഇരു രാജ്യങ്ങളും ഒപ്പു വെച്ചേക്കും. നൈജീരിയയിലെ ഇന്ത്യൻ സമൂഹത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

ഇന്നലെ രാത്രി നൈജീരിയയിലെത്തിയ നരേന്ദ്രമോദിയെ അബുജയിൽ പ്രസിഡന്റ് നേരിട്ടെത്തി സ്വീകരിച്ചു. രണ്ട് ദിവസം അദ്ദേഹം നൈജീരിയയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.

നാളെ ബ്രസിലീലേക്ക് പോകുന്ന നരേന്ദ്രമോദി റിയോഡി ജനീറോയിൽ G20 ഉച്ചകോടിയിൽ പങ്കെടുക്കും. 19 മുതൽ 21 വരെ സന്ദർശനത്തിന്റെ മൂന്നാം പാദത്തിൽ നരേന്ദ്രമോദി ഗയാനയിൽ എത്തും.

✪✪✪

നൈജീരിയയിലെ മറാഠി സമൂഹം അവരുടെ സംസ്കാരത്തോടും വേരുകളോടും ബന്ധപ്പെട്ടിരിക്കുന്നതിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്നലെ രാത്രി അബുജയിലെത്തിയ പ്രധാനമന്ത്രി മോദിക്ക്, നൈജീരിയയിലെ ഇന്ത്യൻ സമൂഹം ഊഷ്മള വരവേൽപ് നൽകി. മറാത്തി ഭാഷയ്ക്ക് ക്ലാസിക്കൽ ഭാഷാ പദവി ലഭിച്ചതിൽ പ്രധാനമന്ത്രി സന്തോഷം പ്രകടിപ്പിച്ചു.

✪✪✪

'ഏക് പേഡ് മാ കെ നാം' പരിപാടിയിൽ പങ്കുചേർന്ന എല്ലാവർക്കും പ്രധാനമന്ത്രി നരേന്ദ്രമോദി കൃതജ്ഞതയറിയിച്ചു. ഭൂമിയെ സുസ്ഥിര ഗ്രഹമാക്കി മാറ്റുന്ന ഈ ഉദ്യമത്തിൽ ഒരു മരത്തൈ നട്ട് പങ്കാളിയാകാൻ സാമൂഹ്യ മാധ്യമപോസ്റ്റിൽ പ്രധാനമന്ത്രി ജനങ്ങളെ ആഹ്വാനം ചെയ്തു.

✪✪✪

ഇന്ത്യയുടെ ദീർഘദൂര ഹൈപ്പർസോണിക് മിസൈൽ ഒഡീഷ തീരത്തെ ഡോ. APJ അബ്ദുൾ കലാം ദ്വീപിൽ വിജയകരമായി പരീക്ഷണ വിക്ഷേപണം നടത്തി. 1500 ലേറെ കിലോമീറ്ററിലേറെ ദൂരത്തെ ലക്ഷ്യത്തിലെത്താൻ കഴിയുന്ന മിസൈലാണ് DRDO യുടെ നേതൃത്വത്തിൽ പരീക്ഷിച്ചത്. കണ്ടെത്താനും പ്രതിരോധിക്കാനും എളുപ്പം കഴിയാത്ത വേഗത്തിൽ സഞ്ചരിക്കുന്ന വിഭാഗത്തിൽപ്പെട്ടതാണ് ഈ മിസൈൽ.

വിജയകരമായ വിക്ഷേപണത്തോടെ ഇത്തരം മിസൈൽ ശേഷി കൈവരിച്ച രാജ്യങ്ങൾക്കൊപ്പം ഇന്ത്യയും ഇടം പിടിച്ചതായി രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിംഗ് X- പോസ്റ്റിൽ കുറിച്ചു. ഇതിനു പിന്നിൽ പ്രവർത്തിച്ച ശാസ്ത്രജ്ഞരെ രാജ്നാഥ് സിംഗ് അഭിനന്ദിച്ചു.

✪✪✪

ഇന്ത്യയുടെ വാർത്താവിനിമയ ഉപഗ്രഹമായ GSAT 20 ചൊവ്വാഴ്ച യൂഎസ്സിലെ കെയ്പ് കനാവെറലിൽ നിന്ന് വിക്ഷേപിക്കും. എലോൺ മസ്ക്കിന്റെ Space X

ന്റെ ഫാൽക്കൺ -9 ആണ് വിക്ഷേപണം നടത്തുന്നതെന്ന് ISRO മേധാവി എസ് സോമനാഥ് അറിയിച്ചു.

✪✪✪

ഈ മാസം 20ന് തെരഞ്ഞെടുപ്പ് നടക്കുന്ന ജാർഖണ്ഡിലും മഹാരാഷ്ട്രയിലും പ്രചാരണം നാളെ വൈകിട്ട് സമാപിക്കും. പ്രമുഖ നേതാക്കളെല്ലാം പ്രചാരണ രംഗത്തുണ്ട്. BJP അധ്യക്ഷൻ JP നദ്ദ, ജാർഖണ്ഡിൽ മൂന്നിടത്ത് തെരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും. JMM നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ദ് സോറൻ, ആറ് റാലികളിൽ സംബന്ധിക്കും.

മഹാരാഷ്ട്രയിൽ പ്രമുഖ BSP നേതാക്കൾ പ്രചാരണത്തിൽ പങ്കെടുക്കുന്നുണ്ട്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ മൂന്നിടത്ത് പ്രചാരണറാലികളിൽ പങ്കെടുക്കും. NCP നേതാവ് ശരത്പവാറും ശിവസേന നേതാവ് ഉദ്ദവ് താഖറെയും ചിലയിടങ്ങളിൽ പ്രചാരണത്തിന് നേതൃത്വം നൽകും.

✪✪✪

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ നാളെ വൈകിട്ട് പരസ്യ പ്രചാരണം അവസാനിക്കും. ശക്തമായ ത്രികോണ മത്സരത്തിന് വേദിയാകുന്ന മണ്ഡലത്തിൽ ഓരോ വോട്ടും ഉറപ്പിക്കാൻ അവസാനവട്ട ശ്രമത്തിലാണ് മുന്നണികളും സ്ഥാനാർത്ഥികളും.

പാലക്കാട്ടുനിന്ന് ആകാശവാണി പ്രതിനിധി ഫൈസൽ അലിമുത്ത്.

........(വോയ്സ്)................

എൽ.ഡി.എഫ് സ്ഥാനാർഥി ഡോ.പി സരിന്റെ പ്രചരണാർത്ഥം കണ്ണാടിയിൽ നടന്ന തെരഞ്ഞെടുപ്പ് പൊതുയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രസംഗിച്ചു.വൈകുന്നേരം ഒലവക്കോട് , സുൽത്താൻപേട്ട എന്നിവിടങ്ങളിലെ യോഗങ്ങളിലും അദ്ദേഹം പങ്കെടുക്കും.യു.ഡി.എഫ് സ്ഥാനാർഥി

രാഹുൽ മാങ്കൂട്ടത്തിൽ രാവിലെ മാത്തൂർ മണ്ഡലത്തിൽ ഗൃഹസന്ദർശനങ്ങൾ നടത്തി വോട്ടഭ്യർത്ഥിച്ചു.

വൈകീട്ട് കിണാശ്ശേരിയിൽ നടക്കുന്ന റോഡ്ഷോയിൽ പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പങ്കെടുക്കും.എൻ.ഡി.എ സ്ഥാനാർഥി സി.കൃഷ്ണകുമാർ ഇന്ന് പാലക്കാട്, പിരായിരി മണ്ഡലങ്ങളിലാണ് പ്രചാരണം നടത്തുന്നത്.സ്ഥാനാർത്ഥിയുടെ പ്രചാരണ പരിപാടിളിൽ ഇന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പങ്കെടുക്കുന്നുണ്ട്.

✪✪✪

സന്ദീപ് വാര്യരുടെ കോൺഗ്രസ് പ്രവേശം മാധ്യമങ്ങൾ മഹത്വവൽക്കരിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇതുവരെ സന്ദീപ് വാര്യർ സ്വീകരിച്ച നിലപാടുകളെ കുറിച്ച് ബോധമുള്ളവരാണ് ലീഗ് അണികളെന്നും മുഖ്യമന്ത്രി പാലക്കാട്ട് പറഞ്ഞു.

✪✪✪

കോൺഗ്രസിന്റെ തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ വർഗീയ പാർട്ടികളെ ഉൾപ്പെടുത്തുന്നുണ്ടെന്ന് BJP സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ പറഞ്ഞു. നിരോധിത സംഘടനയായ പോപ്പുലർ ഫ്രണ്ടിനെ കോൺഗ്രസ് വിജയത്തിനായി കൂട്ടു പിടിച്ചെന്നും സുരേന്ദ്രൻ പാലക്കാട്ട് ആരോപിച്ചു. പാലക്കാട് കോൺഗ്രസ് ഗ്രീൻ ആർമി ഉണ്ടാക്കിയത് എന്തിനാണെന്ന് ചോദിച്ച K സുരേന്ദ്രൻ തോൽവി ഭയന്ന് VD സതീശൻ വർഗീയ കക്ഷികളെ കൂടെ കൂട്ടുകയാണെന്നും പറഞ്ഞു.

✪✪✪

കോൺഗ്രസ്സിൽ ചേർന്ന സന്ദീപ് വാര്യർ മലപ്പുറത്ത് പാണക്കാട് സാദിഖ് അലി തങ്ങളെ, വീട്ടിലെത്തി സന്ദർശിച്ചു. തങ്ങൾ കുടുംബത്തിന്റെ മതേതര പാരമ്പര്യവും മതസാഹോദര്യനിലാപാടുകളും മുമ്പേ അറിയാമായിരുന്നുവെന്ന് സന്ദീപ് വാര്യർ പറഞ്ഞു.

അവസാന ആശ്രയം BJP ആണെന്ന ചിന്തക്ക് സന്ദീപ് വാര്യരുടെ വരവോടെ അവസാനമായെന്ന് മുസ്ലീം ലീഗ് ദേശിയ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി അഭിപ്രായപ്പെട്ടു. ഇനിയും ഒട്ടേറെ നേതാക്കൾ UDF ലേക്ക് എത്തുമെന്നും അദ്ദേഹം മലപ്പുറത്ത് പറഞ്ഞു. സന്ദീപിന്റെ മാറ്റത്തിൽ സന്തോഷമുണ്ടെന്ന് സാദിഖ് അലി ശിഹാബ് തങ്ങൾ അഭിപ്രായപ്പെട്ടു.

✪✪✪

സന്ദീപ് വാര്യരുടെ കോൺഗ്രസ് പ്രവേശനത്തെ ആദ്യം എതിർത്തത് ഗാന്ധിവധം സംബന്ധിച്ച പരാമർശത്തിലും രാഹുൽ ഗാന്ധിയെ വ്യക്തിപരമായി അധിക്ഷേപിച്ചതിന്റെ പേരിലും ആയിരുന്നുവെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് K മുരളീധരൻ പറഞ്ഞു. എന്നാൽ കോൺഗ്രസ് അദ്ദേഹത്തെ പാർട്ടിയിൽ എടുത്തതോടെ, അച്ചടക്കം പുലർത്തുന്ന പാർട്ടിപ്രവർത്തകനെന്ന നിലയിൽ, തീരുമാനം അംഗീകരിക്കുന്നതായി മുരളീധരൻ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

തിരഞ്ഞെടുപ്പ് ബോധവത്ക്കരണത്തിന്റെ ഭാഗമായി പാലക്കാട്ട് ചിത്രകലാലയ വിദ്യാർഥികൾ ചുമർ ചിത്രം തയ്യാറാക്കി. ജില്ലാ സ്വീപ്പ് സെല്ലിന്റെ സഹകരണത്തോടെയാണ് മണപുള്ളിക്കാവ് ഹൈവേ ജങ്ഷനിൽ തിരഞ്ഞെടുപ്പ് സന്ദേശം ഉൾക്കൊള്ളുന്ന ചിത്രം വരച്ചത്.

✪✪✪

സാമൂഹ്യനീതി വകുപ്പ് കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പ്രൊഫിഷ്യൻസി അവാർഡ് പദ്ധതിയിൽ 566 പേർക്ക് 28.30 ലക്ഷം രൂപ അനുവദിച്ചെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു.അയ്യായിരം രൂപ വീതം പ്രൊഫിഷ്യൻസി അവാർഡ് തുക വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിൽ എത്തിച്ചിട്ടുണ്ടെന്നും മന്ത്രി ഫേസ്ബുക്കിൽ അറിയിച്ചു.

✪✪✪

കോഴിക്കോട് ചേവായൂർ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ് സംഘർഷവുമായി ബന്ധപ്പെട്ട് കോൺഗ്രസ് ആഹ്വാനം ചെയ്ത ഹർത്താലിൽ കോഴിക്കോട്ട് നേരിയ സംഘർഷം. സ്വകാര്യ ബസുകളും ടാക്സികളും തടഞ്ഞ ഹർത്താലനുകൂലികൾ പുതിയ ബസ് സ്റ്റാന്റിലേയും പരിസരങ്ങളിലേയും കടകൾ ബലമായി അടപ്പിക്കുകയും ചെയ്തു. മുക്കം ഉൾപ്പെടെ ചില സ്ഥലങ്ങളിലും ബസുകൾ തടയുകയും കടകൾ അടപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. പോലീസ് എത്തി സമരക്കാരെ നീക്കം ചെയ്തു. തുടർന്ന് ഹർത്താലനുകൂലികൾ നഗരത്തിൽ പ്രതിഷേധ പ്രകടനം നടത്തി.

✪✪✪

പ്രമുഖ പ്രക്ഷേപകനും തിരുവനന്തപുരം ആകാശവാണി മുൻ സ്റ്റേഷൻ ഡയറക്ടറുമായിരുന്ന NS കൃഷ്ണമൂർത്തി വിടവാങ്ങി. ഇന്ന് പുലർച്ചെ രണ്ടരയോടെ ബംഗളൂരുവിലായിരുന്നു 87കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

സംഗീതജ്ഞനും സംഗീതപണ്ഡിതനും ആയിരുന്നു അദ്ദേഹം. ആകാശവാണിയുടെ സംഗീത പാരമ്പര്യം നിലനിർത്തി പരിപോഷിപ്പിക്കുന്നതിൽ സ്തുത്യർഹ സേവനം നൽകിയ വ്യക്തിയായിരുന്നു കൃഷ്ണമൂർത്തി.

"പ്രഭാതഭേരി" അടക്കം നൂതനവും ജനപ്രിയവുമായ പരിപാടികൾ തുടങ്ങാൻ നിർദ്ദേശം നൽകിയത് NSK എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്ന കൃഷ്ണമൂർത്തിയാണ്.

ഡെൽഹിയിൽ സംഗീത വിഭാഗത്തിന്റെ നേതൃസ്ഥാനവും അദ്ദേഹം വഹിച്ചിട്ടുണ്ട്. ബംഗലൂവിലെ നിരവധി സംഗീത സഭകൾക്കും കൃഷ്ണമൂർത്തി നേതൃത്വം നൽകി.

✪✪✪

ശബരിമല സന്നിധാനത്ത് ഇന്നും വൻ ഭക്തജനതിരക്ക്. ഇന്നലെ, വൈകിട്ടുവരെ ദർശനം നടത്തിയത് 83,429 പേരാണ്. ദർശനത്തിനെത്തുന്ന ഭക്തർ പൂങ്കാവനത്തിന്റെ പരിശുദ്ധി കാത്തു സൂക്ഷിക്കണമെന്നും തെറ്റായ ചില പ്രവണതകൾ തിരുത്തണമെന്നും തന്ത്രി ആവശ്യപ്പെട്ടു.

പരിസ്ഥിതിക്കും ആചാരത്തിനും വിരുദ്ധമായ പ്ലാസ്റ്റിക് അടക്കം ഉൽപ്പന്നങ്ങൾ ഇരുമുട്ടികെട്ടിൽ ഉൾപ്പെടുത്തരുത്. മാളികപ്പുറം ക്ഷേത്രത്തിന് ചുറ്റും തേങ്ങ ഉരുട്ടുന്നതും ഭസ്മമിടുന്നതുംഅടക്കം, തെറ്റായ ശീലങ്ങൾ ഉപേക്ഷിക്കണമെന്നും തന്ത്രി നിർദേശിച്ചു.

സന്നിധാനത്ത് ഇന്ന് 70,000 പേരാണ് ഓൺ ലൈൻ വഴി ദർശനത്തിന് ബുക്ക് ചെയ്തിരിക്കുന്നത്.

✪✪✪

നിലക്കലിനും പമ്പക്കുമിടയിൽ KSRTC ബസ് കത്തി നശിച്ചു. അട്ടത്തോടിനുസമീപം വെളുപ്പിന് 5.30 ഓടെയാണ് സംഭവം. ബസിൽ ഡ്രൈവറും കണ്ടക്ടറും മാത്രമേ ഉണ്ടായിരുന്നുള്ളൂ. പുക ഉയരുന്നതുകണ്ട് അവർ സുരക്ഷിതമായി ബസിൽ നിന്ന് ഇറങ്ങിയതിനാൽ ആളപായമുണ്ടായില്ല. ഫയർഫോഴ്സ് എത്തി തീയണച്ചെങ്കിലും ബസ് മുഴുവനായും കത്തിനശിച്ചു.

✪✪✪

വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻസ് ട്രോഫി അവസാന ഗ്രൂപ്പ് ഘട്ട മത്സരത്തിൽ ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും. ബിഹാറിലെ രാജ്ഗിർ ഹോക്കി സ്റ്റേഡിയത്തിൽ വൈകിട്ട് 4-45 നാണ് മത്സരം. നാല് കളികളിൽ നിന്ന് 12 പോയിന്റുമായി ഇന്ത്യ ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനത്താണ്.

✪✪✪

ഫിസിക്കൽ എജ്യൂക്കേഷൻ ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുടെ ഡോ. GP ഗൗതം അവാർഡിന് തൃശൂർ സെന്റ് മേരീസ് കോളജ് ഫിസിക്കൽ എജ്യൂക്കേഷൻ വകുപ്പ് മേധാവി അനു D ആലപ്പാട്ടിനെ തിരഞ്ഞെടുത്തു. അന്തർദേശീയ, ദേശീയ- സംസ്ഥാന തലങ്ങളിൽ കോളജിനെ മികച്ച നേട്ടങ്ങളിലേക്ക് നയിച്ചത് മുൻനിർത്തിയാണ് അവാർഡ്. ഈ മാസം 24 ന് ഡൽഹിയിൽ അവാർഡ് സമ്മാനിക്കും.

✪✪✪

ആലപ്പുഴയിൽ സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ 339 പോയിന്റുമായി മലപ്പുറം മുന്നേറുകയാണ്. 317 പോയിന്റ് നേടിയ തൃശ്ശൂരാണ് രണ്ടാം സ്ഥാനത്ത്. 316 പോയിന്റുമായി കണ്ണൂർ തൊട്ടുപിന്നിലുണ്ട്. മേള നാളെ സമാപിക്കും.

✪✪✪

ദേശീയ പ്രതിരോധ കുത്തിവെപ്പ് പരിപാടിയിൽ ഗർഭാശയഗള ക്യാൻസറിനെതിരെ ഉപയോഗിക്കുന്ന HPV വാക്സിൻ ഉൾപ്പെടുത്തണമെന്ന് കണ്ണൂർ മലബാർ കാൻസർ കെയർ സൊസൈറ്റി ആവശ്യപ്പെട്ടു. 17 വരെ പ്രായക്കാരായ പെൺകുട്ടികളെ പദ്ധതിയിൽ കൊണ്ടുവരണമെന്നും അവർ പറഞ്ഞു.

✪✪✪

സമൂഹ മാധ്യമം വഴി ഓൺലൈൻ ഷെയർ ട്രേഡിംഗ് നടത്തി മികച്ച വരുമാനം ഉണ്ടാക്കാമെന്ന് വിശ്വസിപ്പിച്ച് കണ്ണൂർ ചാലാട് സ്വദേശിയിൽ നിന്ന് 47 ലക്ഷത്തിലേറെ രൂപ തട്ടിയെടുത്ത കേസിൽ കാസറഗോഡ് സ്വദേശികളായ രണ്ടു പേരെ കണ്ണൂർ സൈബർ ക്രൈം പോലീസ് അറസ്റ്റ് ചെയ്തു. തളങ്കരയിലെ അബ്ദുൾ സമദാനി, പള്ളിക്കരയിലെ അബ്ദുൾ മജീദ് എന്നിവരാണ് അറസ്റ്റിലായത്.

✪✪✪